## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 5 04.02.2013-ൽ മറുപടിയ്ക്ക്

### സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.എം.പി.അബ്ദുസ്സമദ് സമദാനി<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതി സ്പോർട്സ് വകുപ്പ് ആവിഷ്ക്കരിച്ചു നടപ്പാക്കിയിരുന്നോ; എങ്കിൽ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ ; | (എ) സ്കൂളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും നീന്തൽ പരിശീലനം നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാർ കായിക യുവജനകാര്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ രാഷ്ട്രീയ ലൈഫ് സേവിംഗ് സൊസൈറ്റിയുടെ സഹകരണത്തോടെ 'സ്വിം **ആന്റ് സർവൈവ്'** എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ പ്രസ്തുത പദ്ധതി കോട്ടയം എം.ഡി സെമിനാരി സ്കൂളിൽ ഉദ്ഘാടനം ചെയ്യുകയും 400 കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ വിവിധ ജില്ലകളിൽ സ്വിം ആന്റ് സർവൈവ് പദ്ധതി നടപ്പിലാക്കുന്നതിനായി 5 സ്കൂളുകൾ തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തുണ്ടാകുന്ന മുങ്ങിമരണങ്ങളിൽ നല്ല പങ്കും വിദ്യാർത്ഥികളും കൗമാരക്കാരുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (ബി) & (സി) സംസ്ഥാനത്ത് തുടരെയുണ്ടാകുന്ന മുങ്ങിമരണങ്ങളുടെ പശ്ചാത്തലത്തിൽ വിദ്യാർത്ഥികളും കൗമാരക്കാരും അത്തരം സാഹചര്യങ്ങൾ അതിജീവിക്കുന്നതിനായി സ്കൂൾ തലത്തിൽ നീന്തൽ പരിശീലിപ്പിക്കുന്നതിന് സ്വിം **ആന്റ് സർവൈവ്** എന്ന പേരിൽ ഒരു പദ്ധതി രാഷ്ട്രീയ ലൈഫ് സേവിംഗ് സൊസൈറ്റിയുടെ സഹകരണത്തോടെ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിലെ സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന 36 ലക്ഷത്തോളം കുട്ടികൾക്ക് ഇത്തരത്തിലുള്ള പരിശീലനം ലഭ്യമാക്കുന്നതിന് പ്രായോഗിക പരിമിതികളുണ്ട്. |
| (സി) വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ് പൂർത്തിയാകുന്നതിനകം സുരക്ഷാ മുൻകരുതലെന്ന നിലയിൽ നീന്തൽ പരിശീലനം ലഭ്യമാക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ